DESPATCHED
Cn.25/2/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 677(2)/2018**/എസ്.ഐ.സി
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **2977**/എസ്.ഐ.സി-ജി **6/2018**)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. സുരേഷ് കെ.ആർ.,<br>S/o രാമൻകുട്ടി നായർ,<br>കോഴിപ്രറ വീട്, തൃക്കൂർ,<br>തൃശ്ശൂർ, പിൻ – 680 551. | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ& സെക്രട്ടറി,<br>തൃക്കൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,<br>പി.ഒ. കല്ലൂർ, തൃശ്ശൂർ ജില്ല – 680 317.<br><br>2. അപ്പീൽ അധികാരി&<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,<br>രണ്ടാം നില, സിവിൽസ്റ്റേഷൻ,<br>അയ്യന്തോൾ പി.ഒ.,തൃശ്ശൂർ. | എതിർകക്ഷികൾ |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ 28.10.2017ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും എസ്.പി.ഐ.ഒ. ടിയാൻ ആവശ്യപ്പെട്ട വിവരം/രേഖകൾ ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 28.10.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, തൃക്കൂർ പഞ്ചായത്തിലെ അത്താണിയിൽ (3-ാം വാർഡിൽ) അന്ന ഇൻഡസ്ട്രീസ് എന്ന സ്ഥാപനം വർക്കു ചെയ്യു

ന്നുണ്ടെന്നും ടി സ്ഥാപനവും ഇതിന്റെ ലൈസൻസും ആരുടെ പേരിലാണ് പ്രവർത്തിച്ച് വരുന്നതെന്ന് അറിയുന്നതിനുള്ള രേഖകളുടെ പകർപ്പും ഇവിടെ നടക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ നിയമവിധേയമാണോയെന്നും തുടങ്ങി ചില വിവരങ്ങളാണ്

ആയതിന് 14.11.2017ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) ചിറമ്മൽ യാക്കോബ് മകൻ ഔസേഫ്, തൃക്കൂർ എന്ന വ്യക്തിയുടെ പേരിൽ 7.5 എച്ച്.പി. ഉപയോഗിച്ച് അന്ന വുഡ് ഇൻഡ്രസ്ട്രീസ് എന്ന പേരിൽ സ്ഥാപനം പ്രവർത്തിച്ചു വരുന്നുണ്ടെന്നും
2) ബാധകമല്ലെന്നും
3) 7.5 എച്ച്.പി.യാണെന്നും
4) അപേക്ഷയുടെ പകർപ്പ് ലഭിക്കുന്നതിന് 8 എ4 ഷീറ്റിന് 2 രൂപ നിരക്കിൽ 16 രൂപ പഞ്ചായത്തിൽ ഒടുക്കിയാൽ ലഭിക്കുന്നതാണെന്നും
5) വിവരാവകാശ നിയമപ്രകാരം ഒരു ഫയൽ സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ഫയലിൽ നിന്നും ഉദ്ഭൂതമാകുന്ന വിവരങ്ങൾ എന്നിവ ലഭ്യമാക്കലാണ്, ഹർജിക്കാരന് വിവരാവകാശ നിയമം അനുവദിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഫയൽ പരിശോധനയ്ക്ക് ലഭിക്കുന്നതും ആവശ്യമായ രേഖകളുടെ കോപ്പി ഫീസടച്ചാൽ ലഭ്യമാക്കുന്നതാണെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 16.01.2018ന് നൽകിയ മറുപടി നൽകിയതായി കാണുന്നു.

2. കമ്മീഷൻ 19.01.2023ൽ വീഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ 7 ദിവസത്തിനകം ടിയാന് മറുപടി നൽകണമെന്നു അപ്പീൽ അധികാരി ഉത്തരവായിട്ടും എസ്.പി. ഐ.ഒ. മറുപടി/രേഖകൾ നൽകിയില്ലെന്നാണ് ഹൽജിക്കാരൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അപ്പീൽ തീർപ്പാക്കൽ ഉത്തരവു പ്രകാരം ഹർജിക്കാരന്

വിവരം നൽകിയിട്ടുണ്ടെന്നു കമ്മീഷനു ബോധ്യമാകുന്നു. എങ്കിലും ഒരിയ്ക്കൽ കൂടി പ്രസ്തുത പകർപ്പ് അയച്ചു നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 02-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION